I/17425/2023

കേരള സർക്കാർ

ഭരണഭാഷ – മാതൃഭാഷ

LSGD/PD/1224/2023-DED1-Part(1)

**പ്രിൻസിപ്പൽ ഡയറക്ടറേറ്റ്**

തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pdlsgkerala@gmail.com
വെബ്സൈറ്റ്: www.principaldirectorate.lsgkerala.gov.in

തീയതി: 13-06-2023

## സർക്കുലർ

വിഷയം: ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - 2023 വർഷത്തെ ഓൺലൈൻ പൊതുസ്ഥലം മാറ്റം - കരട് സ്ഥലംമാറ്റ പട്ടിക - തുടർനിർദ്ദേശങ്ങൾ - സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന :
1. സർക്കാർ ഉത്തരവ് (കൈ) നം. 79/ 2023/തസ്വഭവ തീയതി 22/03/2023
2. ഈ കാര്യാലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED1 തീയതി 22/03/2023
3. ഈ കാര്യാലയത്തിലെ നം LSGD/PD/1224/2023-DED1 (Part1) (1) തീയതി 03.06.2023 ലെ നോട്ടീസ്
4. ഈ കാര്യാലയത്തിലെ നം LSGD/PD/1224/2023-DED1 (Part1) തീയതി 06.06.2023 ലെ നോട്ടീസ്

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ 2023 വർഷത്തേയ്ക്കുള്ള പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ സ്ഥലം മാറ്റം നടത്തുന്ന തസ്തികകളുടെ സ്ഥലം മാറ്റത്തിനായുള്ള കരട് സ്ഥലംമാറ്റ പട്ടിക സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിനു തുടർച്ചയായി ജില്ല തലത്തിൽ സ്ഥലം മാറ്റം നടത്തുന്ന തസ്തികകളിലെ കരട് സ്ഥലം മാറ്റ പട്ടിക പ്രസിദ്ധീ കരിക്കുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ നൽകുന്നു.

1. പൊതു സ്ഥലംമാറ്റ കരട് ക്യൂ ലിസ്റ്റ് സംബന്ധിച്ച് ഓൺലൈനായി ലഭിക്കുന്ന എല്ലാ ആക്ഷേപങ്ങളും തീർപ്പാക്കേണ്ടതാണ്. മുൻഗണന / അനുകമ്പാർഹത എന്നിവ സംബന്ധിച്ച് ലഭിക്കുന്ന ആക്ഷേപങ്ങൾ തീർപ്പാകുമ്പോൾ ആയതിൽ മുൻഗണന/അനുകമ്പാർഹത അനുവദിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ട സാഹചര്യം ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തൽ വരുത്തിയ ശേഷം മാത്രമേ ആക്ഷേപം തീർപ്പാക്കാൻ പാടുള്ളൂ.
2. ആക്ഷേപങ്ങൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ ഇൻകുമ്പൻസിയിൽ തിരുത്തൽ

വരുത്തേണ്ട ആവശ്യം ഉണ്ടെങ്കിൽ ആയത് ഓപ്പൺ ചെയത് നൽകേണ്ടതും. സമയബന്ധിതമായി തിരുത്തൽ വരുത്തി approve ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ വരുതെണ്ടതുമാണ്.

3. സേവനത്തിൽ നിന്നും വിരമിച്ചവർ, സേവനത്തിലിരിക്കെ മരണപ്പെട്ടവർ, ദീർഘ കാല അവധിയിൽ പ്രേവേശിച്ചവർ, വകുപ്പ് വിട്ട് പോയവർ, ഡെപ്യൂട്ടേഷനിലുള്ളവർ, സസ്പെൻഷനിൽ തുടരുന്നവർ , അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നവർ എന്നീ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ വിവരങ്ങളും 31.05.2023 വരെ റിട്ടയർ ചെയ്തവരുടെയും വിവരങ്ങളും സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തണം.
4. 31.05.2023 വരെയുള്ള മുഴുവൻ ഒഴിവ് വിവരങ്ങളും സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തണം.
5. പ്രൊമോഷൻ വഴി ഓപ്പൺ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരുടെ വിവരങ്ങൾ രേഖപ്പെടുതെണ്ടതാണ് .
6. പൊതു സ്ഥലം മാറ്റ അപേക്ഷ ക്ഷണിച്ച തീയതിയ്ക്ക് ശേഷം ഡെപ്യൂട്ടേഷൻ, ലീവ്, സസ്പെൻഷൻ, അനധികൃത ഹാജരില്ലായ്മ എന്നിവയ്ക്ക് ശേഷം ജോലിയിൽ പ്രവേശിച്ചവരുടെ വിവരങ്ങൾ രേഖപ്പെടുതെണ്ടതാണ് .

മേൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ശേഷം വിവരം ഐ കെ എം ലും ഈ ഓഫീസിലും അറിയിക്കേണ്ടതും , ഐ കെ എം ൽ നിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് അന്തിമ ക്യൂ ലിസ്റ്റും കരട് സ്ഥലം മാറ്റ പട്ടികയും ( ആക്ഷേപം നൽകുന്നതിനു 10 ദിവസം നൽകി ) പ്രസിദ്ധീ കരിക്കെണ്ടതുമാണ് .

M P AJITHKUMAR
ADDITIONAL DIRECTOR

പകർപ്പ്
1 പ്രിൻസിപ്പൽ ഡയറക്ടറുടെ സി.എ യ്ക്ക്
2 റൂറൽ ഡയറക്ടറുടെ സി.എ യ്ക്ക്
3 ഡയറക്ടർ (അർബൻ) ന്റെ സി.എ യ്ക്ക്
4 ചീഫ് എൻജിനീയർ
5 ചീഫ് ടൌൺ പ്ലാനർ
6 അഡീഷണൽ ഡയറക്ടർ (ഈ&എ)
7 ജോയിന്റ് ഡയറക്ടർ (IE Section)
8 എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
10. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
11. കരുതൽ / അധികം

Signed by
M P Ajithkumar
Date: 13-06-2023 11:30:51